Page 1 of 2

LIBRARY ARCHIVES Kerala Legislative Assembly

മെഡലുകളും കരസ്ഥമാക്കിയ 68 കായികതാരങ്ങൾക്ക് വിവിധ വകുപ്പുകളിൽ എൽ.ഡി.ക്ലാർക്കിന്റെ 68 സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ച് നിയമനം നൽകിയിട്ടുണ്ട്. ആഭ്യന്തരവകുപ്പിൽ 137 കായികതാരങ്ങൾക്ക് ഹവിൽദാർ തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്. 72-മത് സന്തോഷ് ട്രോഫി ജേതാക്കളായ കേരള ടീമിലെ 11 കായിക താരങ്ങൾക്ക് അവരുടെ വിദ്യാഭ്യാസ യോഗ്യതയ്ക്ക് അനുസരിച്ച് പൊതുവിദ്യാഭ്യാസ വകുപ്പിൽ എൽ.ഡി. ക്ലാർക്കിന്റെ സൂപ്പർന്യൂമററി തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്. 35-മത് ദേശീയ ഗെയിംസിൽ വെള്ളി/വെങ്കല മെഡലുകൾ കരസ്ഥമാക്കിയ 82 കായിക താരങ്ങൾക്ക് കായിക യുവജന കാര്യാലയത്തിൽ എൽ.ഡി.ക്ലാർക്കിന്റെ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് നിയമനം നൽകിയിട്ടുണ്ട്.

(സി) കായിക താരങ്ങൾക്ക് ഉന്നത നിലവാരത്തിലുള്ള പരിശീലന സൗകര്യങ്ങൾ നൽകുമോ; അതിനായി എല്ലാ നിയോജകമണ്ഡലങ്ങളിലും പ്രത്യേക സൗകര്യങ്ങൾ ലഭ്യമാക്കുമോ; വിശദമാക്കാമോ?

സംസ്ഥാനത്ത് കായികക്ഷമതയുള്ള യുവതയെ വാർത്തെടുക്കുന്നതിനും കായികതാരങ്ങൾക്ക് ഉന്നതനിലവാരത്തിലുള്ള പരിശീലന കേന്ദ്രങ്ങൾ അനുവദിക്കുന്നതിനുമായി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 14 ജില്ലാ സ്റ്റേഡിയങ്ങളും 44 പഞ്ചായത്ത് സ്റ്റേഡിയങ്ങളും ഉൾപ്പെടെ ആകെ 58 പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. പ്രസ്തുത പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്. കൂടാതെ, കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന് കീഴിൽ കായികതാരങ്ങൾക്ക് പരിശീലനം നടത്തുന്നതിനും മത്സരങ്ങളിൽ പങ്കെടുക്കുന്നതിന് സജ്ജരാക്കുന്നതിലേയ്ക്കുമായി സിന്തറ്റിക് ട്രാക്കുൾപ്പെടെ അന്തർദ്ദേശീയ നിലവാരത്തിലുള്ള സ്റ്റേഡിയങ്ങൾ, സ്വിമ്മിംഗ് പൂളുകൾ, തുടങ്ങി അടിസ്ഥാന സൗകര്യവികസനങ്ങളും നടത്തിവരുന്നുണ്ട്.

മട്ടന്നൂർ മണ്ഡലത്തിലെ സ്കൂൾ ഗ്രൗണ്ടുകളുടെ നവീകരണം

278 (4666) <u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: താഴെ കാണുന്ന ചോദ്യത്തിന് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മട്ടന്നൂർ നിയോജകമണ്ഡലത്തിൽ സ്കൂൾ ഗ്രൗണ്ടുകളുടെ നവീകരണത്തിനായി ഏതൊക്കെ സ്കൂളുകളിലെത്ര തുക വീതം അനുവദിച്ചു; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

മട്ടന്നൂർ നിയോജകമണ്ഡലത്തിലെ മട്ടന്നൂർ യു.പി.സ്കൂൾ, മമ്പറം ഹയർ സെക്കണ്ടറി സ്കൂൾ, ആയിത്തറ മമ്പറം എന്നീ വിദ്യാലയങ്ങൾക്ക് കളിസ്ഥല നവീകരണത്തിന് 10 ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട്. കളിസ്ഥല നവീകരണം പൂർത്തിയാക്കി വിദ്യാലയങ്ങൾ വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുണ്ട്. കൂടാതെ വിവിധ വിദ്യാലയങ്ങളിലെ കളിസ്ഥലം നവീകരിക്കുന്നതിന് അനുമതി നൽകുകയും 6 വിദ്യാലയങ്ങൾക്ക് 85 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത സ്കൂളുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്.* പ്രസ്തുത പട്ടികയിലുൾപ്പെട്ട സെന്റ് കോർണേലിയസ് എച്ച്.എസ്.എസ്. കോളയാടിന് കായികയുവജനകാര്യാലയ ഡയറക്ടറുമായി ധാരണാപത്രം ഒപ്പിട്ടതിന്റെ അടിസ്ഥാനത്തിൽ 15 ലക്ഷം രൂപ വിതരണം ചെയ്തിട്ടുണ്ട്. മറ്റ് സ്കൂളുകൾക്ക് തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

തിരുവമ്പാടി മണ്ഡലത്തിൽ നീന്തൽക്കുളം

279 (4667) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി നിയോജക മണ്ഡലത്തിൽ ആധുനിക സൗകര്യങ്ങളോടെ ഒരു നീന്തൽക്കുളം സ്ഥാപിക്കുന്നത് പരിഗണനയിലുണ്ടോവെന്ന് വ്യക്തമാക്കുമോ;

&

(ബി) ഈ പദ്ധതി നടപ്പിലാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

(എ&ബി) തിരുവമ്പാടി നിയോജകമണ്ഡലത്തിലെ മുക്കം മാമ്പറ്റം സ്റ്റേഡിയത്തിൽ ഫുട്ബോൾ ഗ്രൗണ്ടും, സിന്തറ്റിക് അത്ലറ്റിക് ട്രാക്കും കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണ പ്രവൃത്തികൾ നടന്നുവരുന്നു. പ്രസ്തുത മണ്ഡലത്തിൽ നീന്തൽക്കുളം സ്ഥാപിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ ലഭിക്കുന്നമുറയ്ക്ക് ആയത് പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

ഇരവിപുരം മണ്ഡലത്തിലെ കായിക പദ്ധതികൾ

280 (4668) ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യത്തിന് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇരവിപുരം നിയോജകമണ്ഡലത്തിൽ 2016 മുതൽ നാളിതുവരെ കായിക വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയാണ്; ഇതിനായി അനുവദിച്ച തുക എത്രയാണ്; ഇതിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.